കേരള നിയമസഭാ നടവടികൾ

ഏഴാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

1986 ഒക്ടോബർ 30, വ്യാഴം

വാല്യം LXVIII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 1986 ഒക്ടോബർ 30-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേമ്പറിൽ കൂടി.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ, ചോദ്യം 154.

വിതരണം ചെയ്യാൻ പറ്റാത്ത മിച്ചഭൂമി

* 151 [154] ശ്രീ. കെ. ഇ. ഇസ്മയിൽ :
,, എം. കെ. കേശവൻ :
,, പി. കുമാരൻ :
,, കെ. ടി. കണാരൻ :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയിൽ കേസുമൂലം വിതരണം ചെയ്യാൻ പറ്റാത്ത ഭൂമി എത്ര ;

(ബി) ഇനി ഏറ്റെടുക്കാനുള്ള മിച്ചഭൂമി എത്ര ;

(സി) കഴിഞ്ഞ ആറ് മാസത്തിനിടയ്ക്ക് എത്ര പട്ടയങ്ങൾ വിതരണം ചെയ്തു ;

(ഡി) ഏതെല്ലാം തരത്തിലുള്ള ഭൂമികൾക്കാണ് പട്ടയം നൽകിയത് ;

(ഇ) ഏതെല്ലാം താലൂക്കുകളിൽ എത്ര പട്ടയം വീതം നൽകിയെന്ന് വ്യക്തമാക്കാമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) 4003 ഏക്കർ ഭൂമി.

(ബി) 1763 ഏക്കർ ഭൂമി.

LIBRARY ARCHIVES Kerala Legislative Assembly

(സി) 10,832 പട്ടയങ്ങൾ.

(ഡി) ഭൂപരിഷ്കരണ നിയമമനുസരിച്ച് കൈവശക്കുടിയാൻമാരുടെ കൈവശഭൂമിക്കും കുടികിടപ്പു ഭൂമിക്കുമുള്ള പട്ടയങ്ങളും പുറമ്പോക്ക് പതിച്ചുകൊടുക്കുന്നതിനുള്ള പട്ടയങ്ങളുമാണ് നൽകിയിട്ടുള്ളത്.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

ശ്രീ. കെ. ഇ. ഇസ്മയിൽ : കേസുമൂലം വിതരണം ചെയ്യാൻ പറ്റാത്ത ഭൂമി 4003 ഏക്കറാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. അതു പോലെ തന്നെ 1763 ഏക്കർ ഭൂമിയാണ് ഇനി ഏറെടുക്കാനുള്ളതെന്നും പറയുകയുണ്ടായി. ഏറെടുത്ത ഭൂമിക്കുതന്നെ കഴിഞ്ഞ മൂന്നു നാല് വർഷമായി പട്ടയം നൽകിയിട്ടില്ല. അവർക്കു ഗവൺമെൻറിൻെറ സാമ്പത്തികാനുകൂല്യങ്ങൾ കൊടുത്തതിനുശേഷവും ആ ഭൂമിയിൽനിന്നും ഒഴിഞ്ഞുപോകണമെന്നുപറഞ്ഞു നോട്ടീസ് കൊടുത്ത എത്ര കേസുകൾ ഇപ്പോഴും ഉണ്ട്; അത്തരം ഏതെങ്കിലും കേസുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെ ഗവൺമെൻറ് അവർക്ക് അനുവദിച്ചുകൊടുക്കുകയും അതിൽ കൃഷി ചെയ്യാൻ പണം അനുവദിക്കുകയുമൊക്കെ ചെയ്തതിനുശേഷം ഒഴിഞ്ഞുപോകണമെന്ന് പറയുന്നതിൻെറ ന്യായം എന്താണ്; അതൊന്ന് വിശദീകരിക്കാമോ ?

ശ്രീ. പി. ജെ. ജോസഫ് : ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമല്ല. മിച്ചഭൂമി വിതരണം നടത്തിയതിനുശേഷം കൈമാറിയിട്ടുള്ള കേസുകളിൽ ഭൂമി തിരിച്ച് ഏറെടുക്കാനുള്ള നോട്ടീസുകൾ പോയിട്ടുണ്ട്. അതാണ് മെമ്പർ ഉദ്ദേശിച്ചതെന്നാണ് ഞാൻ കരുതുന്നത്;

ശ്രീ. കെ. ഇ. ഇസ്മയിൽ : എൻെറ ചോദ്യം അതല്ല. മിച്ചഭൂമിയാണെന്ന് ഗവൺമെൻറ് പ്രഖ്യാപിക്കുകയും ആ മിച്ചഭൂമി ഭൂരഹിതരായ നിങ്ങൾക്കെല്ലാവർക്കും അനുവദിച്ചിരിക്കുന്നുവെന്ന് ഗവൺമെൻറിൻെറ ഉത്തരവ് കിട്ടുകയും അതിനെത്തുടർന്ന് മിച്ചഭൂമി അളന്ന് അവരെ ഏല്പിക്കുകയും ചെയ്തു. അതിൻെറ അടിസ്ഥാനത്തിൽ അവർക്ക് പൈസ കിട്ടിക്കൊണ്ടിരിക്കുകയാണ്. അവർക്ക് കൃഷി ചെയ്യാൻ വശ്യമായ സാമ്പത്തിക സഹായം ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് കിട്ടിയതിനുശേഷം ഈ ഭൂമിയിൽ നിങ്ങൾക്ക് അവകാശമില്ലെന്നും ഈ ഭൂമിയിൽനിന്നും ഒഴിഞ്ഞുപോകണമെന്നും അതല്ലെങ്കിൽ നടപടി എടുക്കുമെന്നും പറഞ്ഞ് എത്രയാളുകൾക്ക് നോട്ടീസ് കൊടുത്തിട്ടുണ്ട്; അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നാണ് ഞാൻ ചോദിച്ചത്. അത്തരം എത്ര കേസുകൾ ഉണ്ട് ?

ശ്രീ. പി ജെ. ജോസഫ് : അത് എൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രത്യേക നോട്ടീസ് കൂടാതെ പറയാൻ കഴിയുകയില്ല.

ശ്രീ കെ. ഇ. ഇസ്മയിൽ : ആറുമാസക്കാലത്തിനിടയിൽ 10,832 പട്ടയങ്ങൾ നൽകിയെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഗവൺമെൻറ് ഏറെടുത്ത എത്ര ഏക്കർ ഭൂമിക്ക് ഇനി ഇതുപോലെ പട്ടയം നൽകാനുണ്ട്. അതിനുള്ള കാലതാമസമെന്താണ്; പട്ടയം നൽകാത്ത മുഴുവൻ ഭൂമിക്കും ഒരു നിശ്ചിതകാല പരിധിക്കുള്ളിൽ പട്ടയം നൽകിത്തീർക്കാനാവശ്യമായ നടപടികൾക്കുവേണ്ടി ശ്രമിക്കുന്നുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : മിച്ചഭൂമിയുടെയും പുറമ്പോക്ക് ഭൂമിയുടെയുമൊക്കെയാണ് പതിനായിരത്തിൽ ശിഷ്ടം പട്ടയങ്ങൾ കൊടുത്തിട്ടുള്ളത്. മറ്റൊരു കാലയളവിനെക്കാൾ കൂടുതൽ പട്ടയങ്ങൾ കഴിഞ്ഞ മൂന്ന് നാല്

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലങ്ങളായി കൊടുത്തിട്ടുണ്ട്. ആറ് മാസത്തിനുള്ളിൽ കൊടുത്ത പട്ടയങ്ങളുടെ കണക്കാണിവിടെ പറഞ്ഞത്. 812 ഏക്കർ ഭൂമി മാത്രമാണ് ഗവൺമെൻറ് ഏറെടുത്ത് വിതരണം ചെയ്യാനായിട്ടുള്ളത്.

ശ്രീ. എം. കെ. കേശവൻ : (എ) ചോദ്യത്തിൻറെ ഉത്തരത്തിൽ 4003 ഏക്കർ ഭൂമിയെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ആ 4003 ഏക്കർ ഭൂമിയിൽ ഏതെല്ലാം തരത്തിലുള്ള കേസുകളാണുള്ളത് ; ഏതെങ്കിലും സ്വകാര്യ ഉടമകൾ കൊടുത്ത കേസ് ആണോ അതോ ഏതെങ്കിലും സ്ഥാപനങ്ങൾ കൊടുത്ത കേസാണോ ; അങ്ങനെയുള്ള കേസുകളെ ഒഴിവാക്കി, ഈ ഭൂമി കിട്ടേണ്ടയാളുകൾക്ക് അടിയന്തിരമായി കൊടുക്കാൻ വേണ്ടി ഗവൺമെൻറ് എന്തു നടപടിയാണ് സ്വീകരിച്ചുവരുന്നത് ?

ശ്രീ. പി. ജെ. ജോസഫ് : ഇത് സ്വകാര്യ വ്യക്തികളുടെ തന്നെ കേസാണ്, ഏറെടുത്ത ഭൂമിയാണ് 4003 ഏക്കർ എന്ന് പറയുന്നത്. ഏറെടുക്കുന്നതിന് ലാൻഡ് ബോർഡ് തീരുമാനിച്ചതിനുശേഷം ഏറെടുക്കുന്നതിനുമുമ്പ് കേസുകളുള്ളതുമുണ്ട്. ഏതാണ്ട് 23929 കേസുകൾ ലാൻഡ് ബോർഡ് തീരുമാനിച്ചതിനുശേഷം ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതാണ്. ഇത്രയും കേസുകളാണുള്ളത്.

ശ്രീ. എം. കെ. കേശവൻ : അൻപതും അറുപതും വർഷത്തിലേറെയായി കൈവശം വച്ചിരിക്കുന്ന ഭൂമി ഉണ്ട്. സ്വന്തമായി ഭൂമിയില്ലാത്തയാളുകൾ പഴയ തിരുവിതാംകൂറിൻറെയും കൊച്ചിയുടെയും അതിർത്തിയായിട്ടുള്ള ഇല്ലിപ്പട്ട പുറമ്പോക്ക് എന്നറിയപ്പെടുന്ന സർക്കാർ വക ഭൂമി അൻപതും അറുപതും വർഷങ്ങളായി കൈവശമിരിക്കുകയാണ്. അവർക്ക് പട്ടയം കിട്ടാത്തതുകൊണ്ട് സർക്കാർ കൊടുക്കുന്ന വീടുപോലും വാങ്ങാൻ കഴിയുന്നില്ല. അതുകൊണ്ട് അത്തരം ആളുകൾക്ക് അടിയന്തിരമായി ആ ഭൂമിയുടെ പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഇക്കാര്യം ഈ സഭയിൽ മുമ്പ് പറഞ്ഞിട്ടുള്ളതാണ്. ഏതാണ്ട് ഒന്നേകാൽ ലക്ഷത്തോളം ആളുകൾക്ക് ഈ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ പട്ടയം കൊടുത്തിട്ടുണ്ട്. വളരെക്കാലമായി, പത്തും മുപ്പതും നാല്പതും വർഷമായി ഭൂമി കൈവശം വച്ചിട്ടുള്ള ആളുകളാണ്, ഞാറയ്ക്കൽത്തന്നെ കഴിഞ്ഞ നാല് മാസത്തിനുള്ളിൽ 700-ഓളം ആളുകൾക്ക് പട്ടയം കൊടുത്തുകഴിഞ്ഞു. പത്തുമുപ്പതു കൊല്ലമായി അവരുടെ കൈവശമുണ്ടായിരുന്ന ഭൂമിയാണ്, പട്ടയത്തിനുവേണ്ടി. ആവശ്യപ്പെട്ടിരുന്ന കേസുകളാണ്. ഇപ്പോൾ തീരുമാനമെടുത്ത് വിതരണം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട കേശവൻറെ മണ്ഡലത്തിലും ഈ രണ്ടാം തീയതി ഞായറാഴ്ച പട്ടയം കൊടുക്കുന്നുണ്ട്.

ശ്രീ. കെ. ടി. കണ്ണാരൻ : കേരള ഭൂപരിഷ്കരണ നിയമം 1970 മുതൽ മിച്ചഭൂമി ഏറെടുത്ത് വിതരണം ചെയ്യൽ നടപടി അനുസരിച്ച് കഴിഞ്ഞ 15 വർഷക്കാലമായി സംസ്ഥാനത്ത് മിച്ചഭൂമിയായി വിതരണം ചെയ്യാൻ എത്ര ഭൂമി ലഭ്യമാകുമെന്നാണ് ഗവൺമെൻറ് കണക്കാക്കിയിരുന്നത് ; ആ കണക്കും 15 വർഷക്കാലത്തെ അനുഭവത്തെ മുൻനിറുത്തി എത്ര ഭൂമി ഏറെടുത്ത് വിതരണം ചെയ്തുവെന്ന കാര്യത്തെ സംബന്ധിച്ചുള്ള കണക്കും സഭയിൽ നൽകാൻ കഴിയുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഇതിനോടകം ഏറെടുത്ത് വിതരണം ചെയ്തത് 60546 ഏക്കർ ഭൂമിയാണ് ഏറെടുത്ത ഭൂമിയിൽ പബ്ലിക് പർപ്പസിനു വേണ്ടി 18269 ഏക്കർ ഭൂമി മാറ്റിവച്ചിട്ടുണ്ട്. ഇത് ചിലപ്പോൾ തെറ്റിദ്ധാരണയുളവാക്കുന്നതാണ്. ബഹുഭൂരിപക്ഷവും വിതരണം ചെയ്യാൻ അപേക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷണിച്ചിട്ട് ആളുകളില്ലാത്തതാണ്. കണ്ണൂരിൽ ചീങ്കല്ല് പ്രദേശമുൾപ്പെടെയുള്ള സ്ഥലങ്ങളും ആവശ്യക്കാരല്ലാത്തതുകൊണ്ട് പൊതു ആവശ്യത്തിനെന്നു പറഞ്ഞ് മാറ്റിയിട്ടിരിക്കുകയാണ്. 60,000 ഏക്കർ ആണ് മാറ്റിയിട്ടിരിക്കുന്നത്.

ശ്രീ. കെ. ടി. കണ്ണാരൻ : ഗവൺമെൻറ് കണക്കാക്കിയതിൽ വളരെ ചെറിയൊരു ശതമാനം മാത്രമേ മിച്ചഭൂമി ഏറ്റെടുത്ത് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളുവെന്ന വസ്തുത പരിഗണിച്ചും, ആയിരക്കണക്കിനേക്കർ ഭൂമി കള്ള മൂപ്പിയായിട്ട് ഈ നിയമത്തിന്റെ പിടിയിൽനിന്നും ചോർത്തിക്കൊണ്ടുപോകാൻ ഭൂവുടമകൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന വസ്തുത മുൻനിറുത്തിയും മിച്ചഭൂമിയെ സംബന്ധിച്ച് കുടുംബ വരുമാന പരിധി—15 ഏക്കർ എന്ന പരിധി-കുറച്ച് ഒരു നിയമം കൊണ്ടുവന്ന് പരിമിതപ്പെടുത്തി കൂടുതൽ ഭൂമി സമ്പാദിച്ചെടുത്ത് വിതരണം ചെയ്യാനുള്ള നടപടി ഗവൺമെൻറ് സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : കേസ് ഏത് സമയത്തും റീ-ഓപ്പൺ ചെയ്യാനുള്ള പ്രൊവിഷൻ ഇപ്പോഴത്തെ നിയമത്തിലുണ്ട്. താലൂക്ക് ലാൻഡ് ബോർഡിനത് ചെയ്യാവുന്നതാണ്. ആങ്ങനെയുള്ള പലതും റീ-ഓപ്പൺ ചെയ്തിട്ടുണ്ട്. ഇപ്പോൾ ഇവിടെയുള്ളത് ഒരു നല്ലഭാഗം ലാൻഡ് ബോർഡുകൾ മിച്ചഭൂമിയായി പ്രഖ്യാപിച്ചതിനുശേഷം ഇന്നും ഹൈക്കോടതിയിൽ സ്റ്റേ നിൽക്കുന്ന കേസുകളാണ്. പ്രത്യേകമായി ഗവൺമെൻറ് പ്ലീഡേഴ്സിനെ വച്ച് ഇക്കാര്യം ഏറ്റവും വേഗം തീരുമാനമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലുമായിട്ടും ഇ കാര്യത്തെ സംബന്ധിച്ചിടത്തോളം അടുത്ത കാലത്ത് ചർച്ചകൾ നടത്തി.

ശ്രീ. ലോനപ്പൻ നമ്പാടൻ : ഇരിഞ്ഞാലക്കുട മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കാൻവേണ്ടി 13 ഏക്കർ മിച്ചഭൂമി സർക്കാർ മാറ്റി വച്ചിട്ട് വർഷങ്ങളായി. എന്നാലത്തേക്ക് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് പറയാമോ ?

ശ്രീ. പി. ജെ. ജോസഫ് : ഡെപ്യൂട്ടി മുഖ്യമന്ത്രിയാണ് അതിന്റെ മറുപടി പറയേണ്ടത്.

ശ്രീ. ലോനപ്പൻ നമ്പാടൻ : ഇരിഞ്ഞാലക്കുട മുതൽ കാക്കത്തുരുത്തിവരെ ഷൺമുഖം കനാലിന്റെ ഇരു കരകളിലും മുപ്പതും നാല്പതും കൊല്ലങ്ങളായി സ്ഥിരം താമസക്കാരായ പാവപ്പെട്ട കുടികിടപ്പുകാരിൽ കുറേപ്പേർക്ക് പട്ടയം നൽകുകയുണ്ടായി. അവശേഷിക്കുന്ന ആയിരത്തിലേറെ പേർക്കുകൂടി അടിയന്തിരമായി പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അതിൽ അർഹതയുള്ള ആളുകൾക്ക് പട്ടയം കൊടുക്കുന്ന കാര്യം ഗവൺമെൻറ് സത്വരമായി പരിഗണിക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : ഭൂപരിഷ്കരണ നിയമം നടപ്പിലാക്കാൻ തീരുമാനിച്ച അവസരത്തിൽ, അങ്ങനെ ഭൂപരിഷ്കരണം വരാൻ പോകുന്നുവെന്നു പറഞ്ഞു ധാരാളം ജൻമിമാർ മിച്ചഭൂമി ബിനാമിയായി പലരുടേയും പേരിൽ എഴുതിവച്ചിട്ടുണ്ട്. അത് വീണ്ടെടുക്കാനും മിച്ചഭൂമി സർക്കാരിന്റെ കൈകളിലേക്ക് കൊണ്ടുവരുവാനും വേണ്ടി എന്തെങ്കിലും നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : അതുകൊണ്ടുതന്നെയാണ് റദ്ദ് കൊടുത്തിട്ടില്ലെങ്കിലും ലാൻഡ് ബോർഡുകൾക്ക് കേസ്സുകൾ എടുക്കാമെന്നു വച്ചിരിക്കുന്നത്. കേസ്സുകൾ റീ-ഓപ്പൺ ചെയ്യാവുന്നതാണ്. അങ്ങനെ ധാരാളം കേസ്സുകൾ പുതുതായി എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ് : പട്ടണ പ്രദേശങ്ങളിൽ ഭൂമിയുടെ അമിതമായ വില പരിഗണിച്ച് പരിധി നിർണ്ണയിക്കാൻ പോകുന്നുവെന്ന് സാർക്കാർതന്നെ മുമ്പ് പറഞ്ഞിരുന്നു. അങ്ങനെ വല്ല നിയമനിർമ്മാണവും നടത്താൻ ആലോചനയുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : അത് ഇപ്പോഴും ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. സിറിയക് ജോൺ : മിച്ചഭൂമിയെ സംബന്ധിച്ച് സുപ്രീംകോടതിയിൽ വല്ല കേസ്സും നിലവിലുണ്ടോ ? കോഴിക്കോട് ജില്ലയിലെ പുതുപ്പാടിയിൽ മുരിക്കൻ, പോത്തൻ കമ്പനി തുടങ്ങിയവർ സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. അങ്ങനെ പത്തും അൻപതും വർഷങ്ങളായി സ്ഥിരമായി താമസിക്കുന്ന ആളുകളുടെ ഭൂമി കൈമാറ്റം ചെയ്യാനോ, രജിസ്റ്റർ ആധാരം നടത്താനോ ഒന്നും നിവൃത്തിയില്ലാത്ത പരിതഃസ്ഥിതി കണക്കിലെടുത്ത് സുപ്രീംകോടതിയിൽ കേസ് ഡിസ്പോസലായിട്ടില്ലെങ്കിൽ അത് വേഗം ഡിസ്പോസലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഏതാനും കേസ്സുകൾ സുപ്രീം കോടതിയിലുണ്ട്. ഈ പ്രത്യേക കേസ് സിനെ സംബന്ധിച്ച് പ്രത്യേക നോട്ടീസ് ഉണ്ടെങ്കിൽ മാത്രമേ പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. കെ. പി. എ. മജീദ് : ലാൻഡ് ട്രിബ്യൂണലുകളൊക്കെ പട്ടയം ലഭിക്കുന്നതിനാവശ്യമായ കാര്യങ്ങളിൽ ഒത്തുതീർപ്പ് കല്പിച്ചതിനുശേഷം പട്ടയം എഴുതിക്കൊടുക്കാനുള്ള 'കെ' ഫോറം ലഭ്യമല്ലാത്തതുകൊണ്ട് കെട്ടിക്കിടക്കുകയാണെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശദ്ധയിൽപെട്ടിട്ടുണ്ടോ ; അത് കിട്ടാനാവശ്യമായ സംവിധാനം സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അത് പ്രത്യേകം പരിഗണിക്കുന്നതാണ്.

ശ്രീ. സി. ടി. കൃഷ്ണൻ : പാലക്കാട് ജില്ലയിലെ ആലത്തൂർ താലൂക്കിൽ മംഗലം ഡാം, കടപ്പാറ എന്നീ പ്രദേശങ്ങളിലെ ജോസഫിന്റെ ഭൂമി ഏറ്റെടുക്കുകയും ഒരാളുടെ സർവ്വേ നമ്പരിലുള്ള ഭൂമി ഏറ്റെടുക്കുകയും മറ്റൊരാളുടെ സർവ്വേ നമ്പരിലുള്ള ഭൂമി വിതരണം ചെയ്യുകയും—അങ്ങനെ നിരവധി അഴിമതികൾ നടന്നിട്ടുള്ളത് കണക്കിലെടുത്ത് ചില ഉദ്യോഗസ്ഥൻമാരെ സസ്പെൻറ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പട്ടായി കിഴക്കഞ്ചേരി പ്രദേശത്തുള്ള 1/1 സർവ്വേ നമ്പരിൽപെട്ടതും 861 സർവ്വേ നമ്പരിൽപ്പെട്ടതുമായ ഒരു ഭൂമിയും വില്ക്കാനും കൈമാറാനും കച്ചവടം നടത്താനും പാടില്ലായെന്നും തീരുമാനിച്ചിരിക്കുകയാണ്. അങ്ങനെയൊരുത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ? അവിടത്തെ ആളുകൾ വളരെ കഷ്ടത്തിലാണ്.

ശ്രീ. പി. ജെ. ജോസഫ് : അതിൽ ക്രമക്കേട് കാണിച്ച ചില ആളുകളുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുവായി തടസ്സപ്പെടുത്തിയിട്ടുണ്ടോ എന്നുള്ള കാര്യം പരിശോധിക്കാതെ പറയാൻ കഴിയുകയില്ല.

ശ്രീ. കെ. രാഘവൻമാസ്റ്റർ : കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ 10,852 പട്ടയങ്ങൾ നല്കിയെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. അതിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരായ എത്രപേർക്കാണ് മിച്ചഭൂമിക്ക് പട്ടയം നല്കിയത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : അതിൽ ഏതാണ്ട് ആറായിരത്തോളം കേസ്സുകളും മിച്ചഭൂമി വിതരണം ചെയ്ത കാര്യത്തിലാണ് നടന്നിട്ടുള്ളത്. തീർച്ചയായും അതിൽ 50 ശതമാനവും പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിൽ മാറ്റമുണ്ടാകാൻ സാദ്ധ്യതയില്ല.

ശ്രീ. ഒ. രേതൻ : കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ പെരുമംതഴക്കര പഞ്ചായത്തിൽ ചെറുപുഴ-പുളിങ്കൊമ്പ് പ്രദേശങ്ങളിൽ പുഴയോരത്ത് കർണ്ണാടക വനഭൂമിയുടെ സമീപത്ത് താമസിക്കുന്ന ഇരുന്നൂറിലധികം കുടുംബങ്ങൾക്ക്—അവർ പത്ത് പതിനഞ്ച് വർഷമായി കൈവശം വയ്ക്കുന്നതും മാവ്, പ്ലാവ്, കവുങ്ങ് എന്നിവ കൃഷി ചെയ്തുണ്ടാക്കിയതുമായ ഭൂമി പട്ടയം കൊടുക്കണമെന്ന അപേക്ഷയുടെമേൽ എന്ത് നടപടിയാണ് എടുത്തിട്ടുള്ളത് ?

ശ്രീ. പി. ജെ. ജോസഫ് : ഇത് അതിർത്തി പ്രദേശത്തുള്ള ഭൂമിയാണ്. അതിന് സാങ്കേതികമായ ചില തടസ്സങ്ങളുണ്ട്. ഗവൺമെൻറ് അത് പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ദേശസാൽക്കരിച്ച വ്യവസായങ്ങൾ

* 152. [155] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി ;
,, സ്റ്റീഫൻ പാടുവ :
,, പി. പി. തങ്കച്ചൻ :
,, ജോസ് കുറ്റ്യാനി :
,, കെ. കെ. ശ്രീനിവാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വ്യവസായങ്ങൾ ദേശസാൽക്കരിച്ചു ;

(ബി) ഗവൺമെൻറ് ഏറ്റെടുത്ത വ്യവസായങ്ങൾ ഏവ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) കോഴിക്കോടുള്ള മലബാർ വീവിംഗ് ആൻറ് സ്പിന്നിംഗ് മിൽസ്, ഏറ്റുമാനൂരിലെ കോട്ടയം ടെക്സ്റ്റയിൽ മിൽസ്, ചെങ്ങന്നൂരിലെ പ്രഭുറാം മിൽസ്, പാപ്പിനിശ്ശേരിയിലെ സൂപ്പർക്ലേയ്സ് ആൻറ് മിനറൽസ് കമ്പനി എന്നിവയാണ് ദേശസാൽക്കരിക്കപ്പെട്ടിട്ടുള്ളത്.

(ബി) ധനലക്ഷ്മി എക്സ്പോർട്ട്സ് നാവായിക്കുളം, ചെങ്ങമനാട് ഗ്രാൻറ് കാഷ്യൂ കോർപ്പറേഷൻ, കാരക്കോട് കായിലോൺ എക്സ്പോർട്ട്സ്, പെരിനാട് രാജശ്രീ എക്സ്പോർട്ട്സ്, ഇരവിപുരം മോഡേൺ കാഷ്യൂസ്, കിളികൊല്ലൂർ കെ. എ. കരീം ആൻറ് സൺസ്, പാത്തിനംകുളം വിശ്വനാഥ് കാഷ്യൂ കമ്പനി, പെരുമ്പുഴ ഡാൽമിയ ഇൻറർനാഷണൽ, പത്തിയൂർ സ്റ്റാൻഡേർഡ് കാഷ്യൂ കമ്പനി, എരുവ തണ്ഡാൻസാ എക്സ്പോർട്ട്സ് ഇങ്ങനെ 10 കാഷ്യൂ ഫാക്ടറികളാണ് ഗവൺമെൻറ് ഏറ്റെടുത്തിട്ടുള്ളത്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : ഏറ്റെടുത്ത വ്യവസായങ്ങൾ ലാഭത്തിലാണോ നടക്കുന്നത് ; അല്ലെങ്കിൽ ലാഭകരമായി നടത്തുന്നതിന് വല്ല പദ്ധതികളും പുതുതായി നടപ്പിലാക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly